**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3000** **14-02-2024 - ൽ മറുപടിയ്ക്ക്**

**കാർബൺ സംഭരണം മെച്ചപ്പെടുത്തുന്നതിന് കർമ്മപരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ, ശ്രീ. വി. ആർ. സുനിൽകുമാർ, ശ്രീ വി ശശി, ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സുസ്ഥിരവനപരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി വനമേഖലയിൽ ഉൾപ്പെടെ കാർബൺ സംഭരണം മെച്ചപ്പെടുത്തുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | സുസ്ഥിരവനപരിപാലന പ്രവർത്തികളുടെ ഭാഗമായി വനമേഖലയിൽ പരിസ്ഥിതി പുനഃസ്ഥാപനം നടത്തുന്നുണ്ട്. തദ്ദേശീയ വൃക്ഷങ്ങളും, സസ്യങ്ങളും നട്ടുപിടിപ്പിച്ച് സ്വാഭാവിക പരിസ്ഥിതി വീണ്ടെടുക്കുന്നതിന് വനം വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വനഭൂമിക്കു പുറത്തെ വൃക്ഷവത്കരണ പ്രവർത്തികൾ സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. MGNREGS ഫണ്ട് ഉപയോഗിച്ച് വനം വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന വൃക്ഷസമൃദ്ധി പദ്ധതി, വിദ്യാവനം, നഗരവനം, സ്ഥാപന വനവത്കരണം, തീരദേശ വനവത്കരണം, വഴിയോരത്തണൽ തുടങ്ങിയ പദ്ധതികളിലൂടെ നിത്യഹരിത സസ്യങ്ങളും, വേഗത്തിൽ വളരുന്ന സസ്യങ്ങളും കൂടിയ സാന്ദ്രതയിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൂടെ കാർബൺ സംഭരണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | അന്തരീക്ഷത്തിലെ കാർബൺ സംയുക്തങ്ങളിൽ നിന്നും ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിനു ശേഷിയുള്ള വൃക്ഷ ഇനങ്ങളെ സംബന്ധിച്ച് സമഗ്ര പഠനങ്ങൾ നടത്തുന്നതിന് മുൻകൈയ്യെടുക്കുമോ; വിശദീകരിക്കുമോ; | (ബി) | അന്തരീക്ഷത്തിലെ കാർബൺ സംയുക്തങ്ങളിൽ നിന്നും ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിന് ശേഷിയുള്ള വൃക്ഷ ഇനങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. സംസ്ഥാനത്തെ പരിസ്ഥിതിക്കനുയോജ്യമായ ഓരോ വൃക്ഷ ഇനവും കാർബൺ വേർതിരിക്കുന്നതിന്റെ അളവ് (quantification) സംബന്ധിച്ച് സമഗ്രപഠനം നടത്തുന്നതിന് വന ഗവേഷണ സ്ഥാപനമായ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI)- നെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | സാമൂഹ്യവനവല്കരണ പരിപാടിയുടെ ഭാഗമായി ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിനു | (സി) | ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിൽ കണ്ടൽക്കാടുകൾക്ക് വലിയ പ്രാധാന്യം ഉണ്ട്. |

| | | | |
|---|---|---|---|
| | ശേഷിയുള്ള വൃക്ഷ ഇനങ്ങളെ വലിയതോതിൽ നട്ടു വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും കൂടുതൽ പ്രാമുഖ്യം നൽകുമോ; വിശദീകരിക്കുമോ; | | സാമൂഹിക വനവത്കരണത്തിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation & Management of Mangroves in Vembanad and Kannur Regions (60%CSS) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ച് നട്ടുപിടിപ്പിക്കുന്നുണ്ട്. കൂടാതെ കണ്ടലുകൾ സംരക്ഷിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് പ്രോത്സാഹന ധനസഹായവും നൽകി വരുന്നുണ്ട്. സാമൂഹ്യ വനവത്കരണ പദ്ധതികളിൽ നിത്യഹരിത സസ്യങ്ങളും വേഗത്തിൽ വളരുന്ന സസ്യങ്ങളും കൂടിയ സാന്ദ്രതയിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിലെ നംബീറ്റ മേഖലയിൽ നടപ്പിലാക്കിയ പദ്ധതിയായ പേയ്മെന്റ് ഫോർ എൻവയോൺമെന്റൽ സർവീസ്(പി.ഇ.എസ്) മാതൃകയിലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | പേയ്മെന്റ് ഫോർ എൻവയോൺമെന്റൽ സർവ്വീസ് (പി.ഇ.എസ്) മാതൃകയിലുള്ള പദ്ധതികൾ വനം വകുപ്പിൽ നിലവിലില്ല. പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമായ പഠനം നടത്തിയ ശേഷം മാത്രമേ ആയത് സംബന്ധിച്ച തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ